പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2838** 19/06/2014 ൽ മറുപടിക്കുണ്ടായിരുന്നത്

## നെടുമങ്ങാട് - തിരുവനന്തപുരം താലൂക്കുകളിലെ റീസർവ്വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ റീസർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ് | (എ) ജി.ഒ. (എം.എസ്സ്) നമ്പർ 781/65/റവന്യൂ തീയതി 06/10/1965 പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനം ആരംഭിച്ചു. |
| (ബി) ഇതുവരെ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഭാഗികമായി പൂർത്തിയായ വില്ലേജുകൾ എത്ര; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ; | (ബി) 816 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) ഇതുവരെയുള്ള റീസർവ്വേ നടപടികൾക്ക് എത്ര രൂപ ചെലവായി; | (സി) റീസർവ്വേ നടപടികൾക്ക് 23,06,92,119/- രൂപ ചെലവഴിച്ചു. |
| (ഡി) റീസർവ്വേ നടപടിക്രമങ്ങൾ കാര്യക്ഷമമായി എല്ലാ വില്ലേജുകളിലും പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട്, കരിപ്പൂർ, കരകുളം, വട്ടപ്പാറ, വെമ്പായം, തേക്കട, മാണിക്കൽ, കോലിയക്കോട് എന്നീ വില്ലേജുകളിലും തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം, അണ്ടൂർക്കോണം, മേൽ തോന്നയ്ക്കൽ, കീഴ്തോന്നയ്ക്കൽ, അയിരൂപ്പാറ എന്നീ വില്ലേജുകളിലും റീസർവ്വേ നടപടികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എത്ര; വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ; | (ഇ) നെടുമങ്ങാട്, തിരുവനന്തപുരം താലൂക്കുകളിൽ ലഭിച്ച റീസർവ്വേ പരാതികൾ എൽ.ആർ.എം. മുഖേന പരിഹരിച്ചു വരുന്നു. പരാമർശത്തിലെ വില്ലേജുകളിൽ തീർപ്പാക്കുവാനുള്ള പരാതികളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |

| | |
|---|---|
| (എഫ്) പരാതികൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; | (എഫ്) പരാതികൾ എൽ.ആർ.എം. പ്രകാരം തീർപ്പാക്കി വരുന്നു. |
| (ജി) പരാതികൾ പരിഹരിക്കുവാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റീസർവ്വേ അദാലത്ത് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ജി) റീസർവ്വേ പരാതികൾ എൽ.ആർ.എം. മുഖേന താലൂക്കുകളിലാണ് പരിഹരിക്കുന്നത്. തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജിന്റെ പരാതികൾ പൈലറ്റ് പ്രോജക്ടായി തീർപ്പാക്കി വരുന്നു. പട്ടം വില്ലേജിന്റെ റീസർവ്വേ പരാതികൾ ലൈസൻസ്ഡ് സർവെയർമാരുടെ പ്രത്യേക ടീമിനെ ഉപയോഗിച്ചുകൊണ്ടും പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

S.N.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്